പബ്ലിക്ക് വർക്ക്സ് സെക്ഷനാഫീസുകൾ.

*753. [38] ശ്രീ. പി. രവീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്ത് ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ എത്ര പബ്ലിക്ക് വർക്സ് സെക്ഷനാഫീസുകളും സബ് ഡിവിഷനാഫീസുകളും ഉണ്ട് ;

(ബി) ഇതിൽ എത്ര ആഫീസുകൾ വാടകക്കെട്ടിടത്തിൽ സ്ഥാപിച്ചിട്ടുണ്ട് ;

(സി) കായംകുളത്തെ സബ് ഡിവിഷനാഫീസ് സ്ഥാപിച്ചിരിക്കുന്ന കെട്ടിടത്തിന്റെ വാടകയെന്ത് ;

(ഡി) ഈ ആഫീസ് ആദ്യം ഇട്ടിരുന്ന കെട്ടിടത്തിൽ നിന്നും മാറ്റാനുള്ള കാരണമെന്ത് ;

(ഇ) ആദ്യം എടുത്ത കെട്ടിടത്തിന്റെ വാടകയെന്ത് ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) 39 സെക്ഷനാഫീസുകളും, 10 സബ്ഡിവിഷനാഫീസുകളും ഉണ്ട്.

(ബി) 22 സെക്ഷനാഫീസുകളും 7 സബ്ഡിവിഷനാഫീസുകളും വാടകക്കെട്ടിടത്തിലാണ് സ്ഥാപിച്ചിരിക്കുന്നത്.

(സി) പ്രതിമാസം 65 രൂപ വാടകയുണ്ട്.

(ഡി) കൂടുതൽ സ്ഥലസൗകര്യത്തെ കരുതിയാണ് ആഫീസ് പുതിയ കെട്ടിടത്തിലേക്ക് മാറ്റിയത്.

(ഇ) ആദ്യം എടുത്ത കെട്ടിടത്തിന് 35 രൂപ വാടകയുണ്ടായിരുന്നു

STARRED QUESTIONS POSTED FOR ANSWER ON 22.4.1955

Plywood works in Punalur.

*754. [2] **Shri P. Gopalan:** Will the Chief Minister be pleased to state :

(*a*) did the plywood workers in Punalur submit a memorandum of demands to the Management ;

(*b*) what steps did the Management take on it ;

(*c*) what was the income and expenditure for the year 1953-54 ;

(*d*) what is the bonus paid to the workers ; and

(*e*) what is the extent of bonus which the workers are entitled for the year 1953-54 ?

Chief Minister (**Shri Panampilli Govinda Menon**): (*a*) Yes.

(*b*) Some of the demands have been granted. Others are under the consideration of Government.

(*c*) Income .. Rs. 4,07,976-11-5.
Expenditure .. Rs. 4,48,552-5-1.

LIBRARY ARCHIVES Kerala Legislative Assembly

(*d*) Rs. 12,125-0-2.

(*e*) The workers are not entitled to any bonus, because the factory had been working at a loss. The bonus was paid to persuade the workers to return to work as otherwise a continuance of the strike would have involved greater loss to the factory.

പട്ടികജാതി ക്രിസ്ത്യാനികൾ ആനുകൂല്യങ്ങൾ.

* 755. [3] ശ്രീ. പി. കുഞ്ഞൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി പറയുമോ:

(എ) ഗവണ്മെൻറാനുകൂല്യങ്ങൾക്കുമാത്രം വരുന്ന ക്രിസ്ത്യാനികൾ അവർതന്നെ പട്ടികജാതിക്കാരിൽ നിന്നും മതപരിവർത്തനം ചെയ്തവർ എന്ന് സ്റ്റേറ്റുമെൻറ് നൽകിയാൽ പട്ടികജാതി ഹിന്ദുക്കൾക്കും പിന്നാക്കസമുദായങ്ങൾക്കുമുള്ള ആനുകൂല്യങ്ങൾ നൽകണമെന്ന് ഒരു ഗവണ്മെൻറാർഡർ പാസ്സാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻെറ തത്വം എന്താണ്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഇല്ല.

(ബി) എ-യുടെ ഉത്തരംകൊണ്ട് ഈ ചോദ്യം ഉദിക്കുന്നില്ല.

കണ്ടിൻജൻസി ജീവനക്കാർ.

* 756. [4] ശ്രീ. വി. ശ്രീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ഈ ഗവണ്മെൻറിൻെറ വിവിധ ഡിപ്പാർട്ടുമെൻറുകളിലായി സേവനം അനുഷ്ഠിച്ചു വരുന്ന ജീവനക്കാരുടെ ആകെ എണ്ണമെത്ര;

(ബി) തിരുവനന്തപുരം മ്യൂസിയം കണ്ടിൻജൻസി ജീവനക്കാരിൽ തുപ്പുകാരുടെ ശമ്പളം വെട്ടിക്കുറച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഫുൾടൈം കണ്ടിൻജൻസി ജീവനക്കാർ 4327. പാർട്ട് ടൈം കണ്ടിൻജൻസി ജീവനക്കാർ 4685.

(ബി) വ്യയനിയന്ത്രണ നടപടികളുടെ സ്വീകരിച്ചപ്പോൾ മ്യൂസിയം ഉൾപ്പെടെ ചില ഡിപ്പാർട്ടുമെൻറുകളിൽ "ഫുൾടൈം" തുപ്പുകാരെ "പാർട്ടുടൈം" ജോലിക്കാരാക്കുകയുണ്ടായി. അതനുസരിച്ച് അവർക്ക് മുമ്പു കിട്ടിവന്നിരുന്ന ശമ്പളത്തിനു കുറവു വന്നിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly